(സി) ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായും ജീവനക്കാരുമായും കമ്മിറ്റി പലവട്ടം ചർച്ച ചെയ്തു ശേഷമാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ഇക്കാര്യം ഉദിക്കുന്നില്ല.

(ഡി) ഇത് സംബന്ധിച്ച് വകുപ്പുതല പരിശോധന നടത്തിവരികയാണ്.

**തദ്ദേശസ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ ഒഴിവുകൾ**

244 (3223) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഓവർസീയർ എന്നിവരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) കണ്ണൂർ ജില്ലയിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഒഴിവുകൾ നിലവിലുള്ളതെന്ന് വിശദമാക്കാമോ ; ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

**ഉത്തരം**

(എ) അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.* മേൽ ഒഴിവുകൾ എല്ലാംതന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്**

245 (3224) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ബി. സത്യൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് എല്ലാവർഷവും ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ നിർവ്വഹിക്കുന്ന സ്ഥിതി വിശേഷം ഒഴിവാക്കുന്നതിനായി എന്തെല്ലാം പരിഷ്കാരങ്ങളാണ് കൊണ്ടുവന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly